LIBRARY ARCHIVES Kerala Legislative Assembly

വരൾച്ചയോടനുബന്ധിച്ച് ഭൂനികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടവർ

239 [2292] ശ്രീ. കെ. മുഹമ്മദാലി:

" എം. പി. ഗംഗാധരൻ:

" എം. മുരളി:

" എം. കെ. പോൾസൺ മാസ്റ്റർ:

" ഡൊമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ വരൾമൂലം എത്ര ഹെക്ടർവരെ കൃഷി ഭൂമിയുള്ള വരെയാണ് ഭൂനികുതി കൊടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്;

(ബി) അതിൽ കൂടുതൽ കൃഷി ഭൂമി കൈവശമുള്ളവർക്ക് വരൾച്ചമൂലം നാശ നഷ്ടം ഉണ്ടായിട്ടുണ്ടോ എന്ന കാര്യം വ്യക്തമാക്കുമോ;

(സി) എത്രകാലത്തേക്കാണ് ഭൂനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത് എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ—സി)) സംസ്ഥാനത്ത് വരൾച്ചമൂലം കൃഷി ഭൂമിയെ ഭൂനികുതി കൊടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടില്ല. പാലക്കാട് ജില്ലയിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് മന്ത്രിസഭാ ഉപസമിതിയുടെ തീരുമാനപ്രകാരം പ്രസ്തുത ജില്ലയിലെ കൃഷി ഭൂമിയ്ക്ക് വിസ്തീർണ്ണം പരിഗണിക്കാതെ ആറുമാസത്തേയ്ക്ക് ഭൂനികുതി ഒഴിവാക്കികൊടുത്തിട്ടുണ്ട്.

പാട്ട വ്യവസ്ഥകൾ

240 [2293] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ വക സ്ഥലം ആർക്കെങ്കിലും പാട്ടത്തിനു നല്കിയിട്ടുണ്ടോ; എങ്കിൽ പാട്ട വ്യവസ്ഥകൾ വിശദമാക്കാമോ;

(ബി) ഇതിനകം സംസ്ഥാനത്തെ ഏതെല്ലാം താലൂക്കിൽ എത്ര ഏക്കർ സ്ഥലം ആർക്കെല്ലാം പാട്ടത്തിനു നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ വക സ്ഥലം പാട്ടത്തിന് ലഭിക്കുന്നതിലേയ്ക്ക് റവന്യൂ വകുപ്പിൽ ലഭിച്ച എത്ര അപേക്ഷകളിൽമേൽ ഇനിയും തീരുമാനം എടുക്കേണ്ട തായിട്ടുണ്ട്; അപേക്ഷകർ ആരെല്ലാമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിലെ ഭീമനടി വില്ലേജിലെ കമ്മാടം കാവിന്റെ ഭൂമി കയ്യേറിയ നടപടി

241 [2295] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഭീമനടി വില്ലേജിലെ കമ്മാടം കാവിന്റെ ഭൂമി സ്വകാര്യവ്യക്തി കൈയ്യേറിയതു സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദവിവരം നൽകാമോ;

(സി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി ആന്റ് സി) കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്കിൽ ഭീമനടി വില്ലേജിൽ റീ. സ. നം. 553-ൽപ്പെട്ട് ആകെ 54.77 ഏക്കർ ഭൂമിയിൽ ശ്രീ. മാത്യൂ കാടംകാവിൽ, ശ്രീ. ജോസ് മൈക്കിൾ, ശ്രീ. കുര്യാക്കോസ് കുര്യാലംപുഴ എന്നിവർ യഥാക്രമം 1.67 ഏക്കർ, 1.33 ഏക്കർ, 1.25 ഏക്കർ വീതം ഭൂമി കൈയ്യേറി വിലപ്പെട്ട അനുഭവങ്ങൾ ഉണ്ടാക്കുകയും മേൽ സ്ഥലം പതിച്ച് കിട്ടുന്നതിന് അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. റവന്യൂ രേഖകൾ പ്രകാരം മേൽ സ്ഥലം അന്യാധീനവും ജനറൽ അസൈൻമെന്റിന് വേണ്ടി നീക്കിവച്ചിരിക്കുന്നതുമായ റവന്യൂ ഭൂമിയാണ്. കയ്യേറ്റക്കാർ മേൽ ഭൂമിയിൽ വിലപ്പെട്ട അനുഭവങ്ങൾ ഉണ്ടാക്കിയിരിക്കുന്നതിനാൽ പ്രസ്തുത സ്ഥലം കമ്പോളവില ഈടാക്കി പതിച്ച് നൽകുന്നതിന് 13-4-94-ൽ അന്നത്തെ സ്പെഷ്യൽ തഹസിൽദാർ പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ മേൽസ്ഥലം കമ്മാടം കാവിന് തൊട്ട് കിടക്കുന്നതും കമ്മാടം ശ്രീ ഭഗവതീക്ഷേത്രവുമായി ബന്ധപ്പെട്ട അനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ടതാകയാലും മേൽ സ്ഥലം പതിച്ച് നൽകരുതെന്ന് കാണിച്ച് കമ്മാടം ശ്രീ ഭഗവതീക്ഷേത്ര സംരക്ഷണസമിതി പരാതി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കയ്യേറ്റക്കാർക്ക് ഭൂമി പതിച്ച് നൽകുന്നത് താൽക്കാലികമായി നിർത്തിവച്ചിരിക്കുകയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly